കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - വിജയപുരം ഗ്രാമപഞ്ചായത്ത് വക വിജയപുരം വില്ലേജ് ബ്ലോക്ക് 24 സർവ്വേ നമ്പർ 357-ൽപ്പെട്ട ഭൂമി നിലവിലെ താമസക്കാർക്ക് പതിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1337/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:5.5.2015.

പരാമർശം :

1. വിജയപുരം ഗ്രാപഞ്ചായത്തിന്റെ 20.1.2012-ലെ III -ാം നമ്പർ തീരുമാനം.
2. 26.11.2014 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി2-31543/14 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടിയിൽ പുനരധിവാസത്തിനായി 1994-ൽ വാങ്ങിയ കോട്ടയം ജില്ലയിലെ വിജയപുരം വില്ലേജിൽ സർവ്വെ നം. 357/7-1, 357/21, 357/20 എന്നിവയിൽപ്പെട്ട 20 ആർ 35 ച.മീ. സ്ഥലം പ്രസ്തുത സ്ഥലത്ത് നിലവിൽ താമസിച്ചുവരുന്ന ഒൻപത് കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം സൗജന്യമായി അനുവദിച്ചു നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിജയപുരം ഗ്രാമപഞ്ചായത്ത് പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി വാങ്ങിയ വിജയപുരം വില്ലേജ്, ബ്ലോക്ക് 24, സർവ്വെ നമ്പർ 357-ൽപ്പെട്ട (നം. 357/7-1, 357/21, 357/20) 20 ആർ 35 ച.മീ. സ്ഥലം പ്രസ്തുത സ്ഥലത്ത് നിലവിൽ താമസിച്ചു വരുന്ന താഴെപ്പറയുന്ന 9 പേർക്ക് 1.21 ആർ ഭൂമി (3 സെന്റ്) വീതം അവരവരുടെ പേരിൽ സൗജന്യമായി (ദാനമായി) ദാനാധാരമായി 2005-ലെ കേരള പഞ്ചാത്ത് രാജ് ആക്ട് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം പ്രമാണം ചെയ്തു കൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അമ്മിണി, പുളിഞ്ചോട്ടിൽ, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/162
2. ബിന്ദു പ്രദീപ്, പുത്തൻപുരയ്ക്കൽ, വടവാതൂർ പി.ഒ.,കോട്ടയം-വീട്ട് നമ്പർ 4/163
3. ലൈല രാജപ്പൻ, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/164
4. സുമതി രാഘവൻ അമ്പലത്തറ, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/166
5. രാജമ്മ, കാലുകടവിൽ, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/165
6. രാമചന്ദ്രൻ, താമരശ്ശേരി (വല്യലം), വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/167
7. ജേക്കബ്ബ് മാത്യു, മഠത്തിപ്പറമ്പിൽ, വടവാതൂർ പി.ഒ., കോട്ടയം-വീട്ട് നമ്പർ 4/62
8. കൗസല്യ, കുമ്പുകാല, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/168
9. പെണ്ണമ്മ, @ ഏലിയാമ്മ അച്ചൻ കുഞ്ഞ് കാലായിൽ, വടവാതൂർ പി.ഒ., കോട്ടയം - വീട്ട് നമ്പർ 4/172

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം ജില്ല.
സെക്രട്ടറി, വിജയപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം.
നിയമവകുപ്പ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (LBA&A), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ